**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 44

06/01/2014-ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടിയിരുന്നത്

**സെക്രട്ടേറിയറ്റിലെ അധിക ജോലിഭാരം കുറയ്ക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലെ അധിക ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയ്ക്ക് അനുവദിച്ചതു പോലെ അധിക തസ്തിക പൊതുഭരണ വകുപ്പിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | എൻട്രി കേഡറിൽ പി.എസ്.സി. ലിസ്റ്റ് മുഖേന അല്ലാതെ നിയമിതരായ എത്ര അസിസ്റ്റന്റുമാർ നിലവിലുണ്ടെന്ന വിവരം ഇനം തിരിച്ചു ലഭ്യമാക്കുമോ ; | (സി) | പി.എസ്.സി. ലിസ്റ്റ് മുഖേന അല്ലാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 74 പേരും, സ്പോർട്ട്സ് ക്വാട്ട വഴി 6 പേരും, ഇന്റർ ഡിപ്പാർട്ട്മെന്റൽ മ്യൂച്ചൽ ട്രാൻസ്ഫർ/ ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ വഴി 44 പേരും, ജോലിയിലിരിക്കെ മരണമടഞ്ഞ സൈനികരുടെ ആശ്രിതർക്കായുള്ള നിയമനം വഴി 1-ഉം ഉൾപ്പെടെ 125 പേർ എൻട്രി കേഡറിൽ പ്രവേശിച്ച് അസിസ്റ്റന്റുമാരായി പൊതുഭരണ വകുപ്പിൽ നിലവിൽ സേവനം അനുഷ്ഠിച്ചു വരുന്നു. ഇതുകൂടാതെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന 12 പേരെയും ടൈപ്പിസ്റ്റുമാരിൽ നിന്നും 11 പേരെയും അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം നിയമനം ലഭിച്ചവരിൽ എത്ര പേർ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ സേവനമനുഷ്ഠിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ ; | (ഡി) | ആശ്രിത നിയമന പദ്ധതി പ്രകാരവും സ്പോർട്ട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരവും നിയമനം ലഭിച്ചവരിൽ സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 74 പേർ പൊതുഭരണ വകുപ്പിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. |

S. K...

സെക്ഷൻ ഓഫീസർ